**ALL INDIA RADIO THIRUVANANTHAPURAM**

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24.08.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് ഓണം ടൂറിസം വാരാഘോഷങ്ങൾക്ക് വർണാഭമായ തുടക്കം. മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്തു.

2. തിരുവോണത്തെ നിറവോടെ വരവേല്ക്കാനുള്ള ഒരുക്കത്തിൽ മലയാളികൾ. നാടും നഗരവും ഓണത്തിരക്കിൽ. നാളെ ഉത്രാട പാച്ചിൽ.

3. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും.

4. രാജ്യത്തെ കാർഷിക മേഖലയിൽ ചരിത്ര നേട്ടം. ഇന്ത്യയിൽ ആദ്യത്തെ ജനിതക മാറ്റം വരുത്താത്ത സങ്കര ഇനം ചോളം വിത്ത് ഉപരാഷ്ട്രപതി പുറത്തിറക്കി.

5. ഭൂമി വീണ്ടെടുക്കലിനും വരൾച്ച പ്രതിരോധത്തിനും അന്താരാഷ്ട്ര ധനസഹായം ലഭ്യമാക്കണമെന്ന് കോപ് ഉച്ചകോടിയിൽ ഇന്ത്യ.

6. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. 6 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

*******************

ഓണാഘോഷം-ഉദ്ഘാടനം (ഇൻട്രോ)

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഈ വർഷത്തെ സംസ്ഥാനതല ഓണം വാരാഘോഷത്തിന് തിരുവനന്തപുരത്ത് വർണാഭമായ തുടക്കം. തിരുവനന്തപുരത്തെ കനകക്കുന്നിലെ നിശാഗന്ധിയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി വി ഡി സതീശൻ ഓണം വാരാഘോഷം ഉദ്ഘാടനംചെയ്തു.

(ഹോൾഡ് വോയ്സ്)

ചലച്ചിത്ര നടൻ കുഞ്ചാക്കോ ബോബൻ ചടങ്ങിൽ വിശിഷ്ടാതിഥിയായി. മന്ത്രിമാരായ പി സി വിഷ്ണു നാഥ്, കെ മുരളീധരൻ, ശശി തരൂർ എം പി, നഗരസഭാ മേയർ വി വി രാജേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

********************

ഓണം (ഇൻട്രോ)

ഓണത്തിരക്കിൽ കേരളം. കേരളീയ ജനതയുടെ സാമൂഹിക-സാംസ്കാരിക പാരമ്പര്യത്തിൻറെ പ്രതിഫലനം എന്ന നിലയിൽ ഓണത്തിൻറെ പെരുമ കാല ദേശ സീമകൾക്കതീതമാണ്. പോയകാല നന്മകളിലേക്കും സുകൃതങ്ങളിലേക്കും പിൻതിരിഞ്ഞു നോക്കാനുള്ള അവസരമൊരുക്കുകയാണ് ഓണം.

ഒരു റിപ്പോർട്ട്.

(വോയ്സ്)

*ഓണത്തിൻറെ അവസാനവട്ട ഒരുക്കത്തിനുള്ള ഉത്രാടപ്പാച്ചിലാണ് നാളെ. കേരളീയരുടെ ഗൃഹാതുരത്വത്തെ ഇത്രമേൽ തൊട്ടുണർത്തുന്ന മറ്റൊരാഘോഷവും മലയാളിക്കില്ല. ചവിട്ടി താഴ്ത്തപ്പെട്ടവന് ഒരു ഉയിർത്തെഴുന്നേൽപ്പുണ്ട്. ഓണം അങ്ങനെ ചിലതു കൂടി നമ്മെ ഓർമ്മിപ്പിക്കുന്നു. മഹാബലി എന്നത് മാനവികത ഇന്നോളം കണ്ടതിൽ വച്ച് ഏറ്റവും മഹത്തായ ഭരണ സങ്കൽപ്പമാണ്. സമൃദ്ധിയെ തുല്യമായി വീതം വയ്ക്കാനുള്ള സമഭാവനയുടെ ആഹ്വാനമാണ് പുതിയ കാലത്തെ ഓണത്തിലൂടെ നാമറിയുന്നത്. മലയാള സ്വത്വത്തിൻറെയും*

RNUTVPM

*സംസ്കാരത്തിൻറെയും അടയാളമായാണ് ലോകമെമ്പാടും ഓണം അറിയപ്പെടുന്നത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

*******************

<u>ഉപരാഷ്ട്രപതി (ഇൻട്രോ)</u>

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഞായറാഴ്ച

കേരളത്തിലെത്തും. ഓണം-ടൂറിസം വാരാഘോഷങ്ങളുടെ

സമാപനത്തിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാവും.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി. (വോയ്സ്)**

*******************

<u>ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ</u>

ഇന്ത്യയിലെ ആദ്യത്തെ ജനിതക മാറ്റം വരുത്താത്ത സങ്കരയിനം ചോളം വിത്ത് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ആന്ധ്രാപ്രദേശിലെ ഏലൂരു ജില്ലയിൽ പുറത്തിറക്കി. പോപ്കോൺ ചോളം ഇറക്കുമതി ചെയ്യുന്നത് അവസാനിപ്പിക്കാനും, കർഷകർക്ക് സ്വാശ്രയത്വവും കയറ്റുമതി

സാധ്യതകളും വർധിപ്പിക്കാനും ഇത് സഹായിക്കുമെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ചടങ്ങിൽ കർഷകരുടെ പങ്കാളിത്തത്തെയും വായ്പകളില്ലാതെ അവർ നടത്തുന്ന

കൃഷിയെയും ഉപരാഷ്ട്രപതി പ്രശംസിച്ചു. ഗവർണർ എസ്. അബ്ദുൾ നസീർ, മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു തുടങ്ങിയവർ പങ്കെടുത്തു.

RNU TVPM

*******************

<u>കോപ് ഉച്ചകോടി</u>

ഭൂമി വീണ്ടെടുക്കലിനും

വരൾച്ച പ്രതിരോധത്തിനുമായി പര്യാപ്തവും സുസ്ഥിരവുമായ അന്താരാഷ്ട്ര ധനസഹായം ലഭ്യമാക്കണമെന്ന്

ഇന്ത്യ. മംഗോളിയയിൽ നടക്കുന്ന യു.എൻ മരുഭൂവൽക്കരണ പ്രതിരോധ കൺവെൻഷന്റെ 17-ാമത് കോപ് ഉച്ചകോടിയിലാണ്

കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് ഈ ആവശ്യം ഉന്നയിച്ചത്. ഭൂമി വീണ്ടെടുക്കുന്നത് ഒരു ചെലവല്ല, മറിച്ച് ഭക്ഷണം, ജലം, ജൈവവൈവിധ്യം, ജീവനോപാധികൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള ദീർഘകാല നിക്ഷേപമാണെന്ന് അദ്ദേഹം പറഞ്ഞു.

*******************

## ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ്

കൊളംബോയിൽ നടക്കുന്ന ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെതും അവസാനത്തെയും മത്സരത്തിൽ ആതിഥേയർക്കെതിരെ ആദ്യ ഇന്നിംഗ്സ് 503 ന് ഡിക്ലയർ ചെയ്ത് ഇന്ത്യ. കനത്ത മഴ മൂലം മത്സരം നേരത്തെ അവസാനിപ്പിക്കുകയായിരുന്നു. ശ്രീലങ്കയുടെ ബാറ്റിംഗ് പുരോഗമിക്കുകയാണ്. ആദ്യ ടെസ്റ്റിൽ ഇന്ത്യയ്ക്കായിരുന്നു ജയം.

*******************

## മഴ

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയും കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രഖ്യാപിച്ചു. നാളെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

*******************

## മത്സ്യബന്ധന വിലക്ക്

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ തീര പ്രദേശങ്ങളിൽ കടലാക്രമണത്തിന് സാധ്യതയെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത

RNU TVPM

പാലിയ്ക്കണം. കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*******************

**എ.പി. അനിൽ കുമാർ**

കേന്ദ്ര കാലാവസ്ഥ വകുപ്പ് മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നൽകിയതിനെത്തുടർന്നു അടിയന്തര സാഹചര്യം നേരിടാൻ ജില്ലാ ഭരണകൂടങ്ങൾക്ക് റവന്യൂ മന്ത്രി എ.പി. അനിൽ കുമാർ നിർദേശം നൽകി . താലൂക്ക് തല അടിയന്തര രക്ഷാപ്രവർത്തന കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുവെന്ന് ജില്ലാ കളക്ടർമാർ ഉറപ്പാക്കണം. . ആവശ്യമായാൽ ദുരിതാശ്വാസ ക്യാമ്പുകൾ ഉടൻ ആരംഭിക്കാനാകുന്ന തരത്തിൽ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കണമെന്നും മന്ത്രി നിർദേശിച്ചു.

RNU TVPM

*******************

**കണ്ണൂർ- ഓണം -(ഇൻട്രോ)**

ഓണനാളിൽ വേറിട്ട കാഴ്ചയാണ് കണ്ണൂർ നഗരത്തിനടുത്തെ ചാല എന്ന സ്ഥലത്ത് നമുക്ക് കാണാനാവുക .
 പ്ലസ് വൺ വിദ്യാർത്ഥിനിയുടെ ചികിത്സയ്ക്ക് പണം സ്വരൂപിക്കാനായി പൂക്കച്ചവടം നടത്തുന്ന നാട്ടുകാരുടെ കൂട്ടം ആരെയും ആകർഷിക്കുന്ന കാഴ്ചയാണ് .

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഓ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.**

(വോയ്സ്)

*******************

**ഉത്രാടക്കിഴി**

ഈ വർഷത്തെ ഉത്രാടക്കിഴി നാളെ രാവിലെ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ കോട്ടയം വയസ്കര കോവിലകത്ത് എത്തി സൗമ്യവതി തമ്പുരാട്ടിക്ക് കൈമാറും. ജില്ലാ കളക്ടർ

ചേതൻകുമാർ മീണ, ജില്ലാ പോലീസ് മേധാവി കെ.എം. സാബു മാത്യു, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

*******************

## ശബരിമല

ഓണത്തോടനുബന്ധിച്ചുള്ള പൂജകൾക്കായി ശബരിമല

ക്ഷേത്രനട തുറന്നു. ഉത്രാട ദിനമായ നാളെ രാവിലെ അഞ്ചിനു ദർശനത്തിനായി നട തുറന്നു പൂജകൾ

ആരംഭിക്കും. തിരുവോണ ദിവസം അയ്യപ്പഭക്തർക്കും ജീവനക്കാർക്കും തിരുവോണ സദ്യ ഉണ്ടായിരിക്കും. പൂജകൾ പൂർത്തിയാക്കി ഓഗസ്റ്റ് 28 ന് രാത്രി 10 മണിക്ക് നട അടയ്ക്കും.

*******************

## ആശ്വാസ് 2026 ഒറ്റത്തവണ തീർപ്പാക്കൽ

സഹകരണ മേഖലയിലെ വായ്പാ കുടിശ്ശികക്കാർക്ക്

വേണ്ടിയുള്ള 'ആശ്വാസ് 2026' ഒറ്റത്തവണ തീർപ്പാക്കൽ

പദ്ധതിയുടെ കാലാവധി സെപ്റ്റംബർ 30 വരെ നീട്ടി.

*******************

*************

****

RNU TVPM